**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5019** **11-08-2021 - ൽ മറുപടിയ്ക്ക്**

**വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2016-21 കാലയളവിൽ രൂപീകരിച്ച വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് എന്തെല്ലാം ശ്രമങ്ങളാണ് വകുപ്പ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | എ) 2016-21 കാലയളവിൽ രൂപീകരിച്ച വനിത ശിശു വികസന വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യ പ്രാപ്തിയിൽ എത്തിയ്ക്കുവാൻ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതിനൊപ്പം ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ സമൂഹത്തിൽ വ്യാപക ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകൾ, വിധവകൾ, HIV ബാധിതർ, ലൈംഗിക തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും വകുപ്പ് ഉദ്ദേശിക്കുന്നു. വനിതാ ശിശു വികസന വകുപ്പ് സ്ത്രീകളുടെ ക്ഷേമത്തിനായി ആവഷികരിച്ച് നടപ്പിലാക്കിയിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം- 1 ആയി ചേർക്കുന്നു. |
| (ബി) | കേരളത്തെ മാതൃശിശു സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് സമഗ്രമായ രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | ബി) പൊതുയിടങ്ങളിൽ മാതൃശിശു സൗഹാർദ്ദമാക്കുവാൻ Breast Feeding pod-കൾ സ്ഥപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസവാനന്തരം ഒരു മണിക്കൂറിനുള്ളിൽ മുലയൂട്ടൽ ആരംഭിക്കൽ, ആറു മാസംവരെ മുലയൂട്ടുന്ന അമ്മമാരുടെ ശതമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് പരിഹരിക്കൽ എന്നിവയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് അറിയിക്കുമോ; | (സി) | സി)വനിത ശിശു വികസന വകുപ്പിൻ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ ലഭ്യമാകുന്ന സഹായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ആദിവാസി മേഖലകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡി) കുഞ്ഞു ജനിച്ച് ആദ്യ ഒരു മണിക്കൂറിനുള്ളിൽ മുലപ്പാൽ നൽകുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും 6 മാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിനെപ്പറ്റിയും തുടർന്ന് മറ്റ പോഷകാഹാരത്തോടൊപ്പം മുലപ്പാൽ നൽകുന്നതിന്റെ ആവശ്യകതയെപ്പറ്റിയും സംയോജിത ശിശു വികസന പദ്ധതിയുടെ മേൽ നോട്ടത്തിൽ അങ്കണവാടി പ്രവർത്തകർ മുഖേന |

| | | | |
|---|---|---|---|
| | | | കേരളമൊട്ടാകെ ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ജില്ലാ അടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസർമാർ, സി ഡി പി ഓ എന്നിവരുടെ ആഭിമുഖ്യത്തിൽ വെബ്ബിനാർ സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

വനിതാ ശിശു വികസന വകുപ്പ് സ്ത്രീകളുടെ ക്ഷേമത്തിനായി ആവഷികരിച്ച് നടപ്പിലാക്കിയിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## 1. അഭയകിരണം

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനം ഇല്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000/- രൂപ ധനസഹായമായി നൽകുന്നു.

## 2. മംഗല്യ

കേരളത്തിൽ വിധവകളായ സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി സംസ്ഥാന സർക്കാർ 2008 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മംഗല്യ വിധവാ പുനർ വിവാഹ ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകി വരുന്നു.

## 3. പടവുകൾ

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി സർക്കാർ-സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അവരുടെ കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

## 4. സഹായ ഹസ്തം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായഹസ്തം'

ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം

ധനസഹായം അനുവദിക്കുന്നു.

## 5. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം

വനിതകൾ ഗൃഹനാഥരായിട്ടുള്ള ചുവടെ പറയുന്ന കാറ്റഗറിയിലുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

a) വിവാഹ മോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക്.

b) ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക്

c) ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക്

d) ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക്

e) എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ട്.

## 6. ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005

ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ, 82 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. ടി നിയമ പ്രകാരം അതിക്രമങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് സൗജന്യമായി വൈദ്യ സഹായം, നിയമ സഹായം, കൗൺസലിംഗ് , താത്കാലിക സംരക്ഷണം എന്നിവയും , പോലീസ് സഹായവും ലഭ്യമാക്കുന്നു._

## 7. വനിതാ സംരക്ഷണ ഓഫീസ്

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പ് വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## 8. POSH Act 2013

സുരക്ഷിത തൊഴിലിടം എന്ന സ്ത്രീകളുടെ അവകാശം സംരക്ഷിക്കുന്നതിനായി തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം(തടയലും, നിരോധിക്കലും, പരിഹാരവും) നിയമം 2013 സെക്ഷൻ 6(2) പ്രകാരം വകുപ്പിലെ 258 ശിശു വികസന പദ്ധതി ഓഫീസറെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

**9. നിർഭയ**

ലൈഗികാതിക്രമങ്ങൾക്ക് വിധേയയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസം, എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസി നടപ്പിലാക്കുന്നു. 18 ഷെൽട്ടർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.

**10. കാതോർത്ത്**

വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി 2021 ഫെബ്രുവരി മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം Kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. സത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

**11. രക്ഷാദൂത്**

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പുംസഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടിക്കോ അവരുടെ പ്രതിനിധിക്കോ പരാതി സമർപ്പിക്കാൻ ഈ പദ്ധതി യിലൂടെ കഴിയും. അതിക്രമത്തിനിരയായ വനിതയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ്മാസ്റ്റർ/ മിസ്ട്രസ്സിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീയ്ക്കോ/കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് "തപാൽ" എന്നെഴുതി നിക്ഷേപിക്കാവുന്നതാണ്. സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല.

**12. പൊൻവാക്ക് പദ്ധതി:**

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്ന സാഹചര്യത്തിൽ 'പൊൻവാക്ക്' എന്ന പേരിൽ ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2500/- രൂപ പാരിതോഷികം നൽകുന്ന പദ്ധതി നടപ്പാക്കുന്നു.

**13. വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292**

സ്ത്രീകൾക്കും കുട്ടികൾക്കും പരാതികൾ ഹെൽപ്പ് ലൈൻ നമ്പരായ **9400080292** എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) ഒരാഴ്ചയ്ക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറുകൾക്കുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ്.

**14. 181 മിത്ര ഹെൽപ്പ് ലൈൻ**

സ്ത്രീകൾക്ക് ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് പരാതിപ്പെടാം. കൗൺസിലിംഗ് സഹായം ലഭ്യമാക്കുന്നു.

**15. വൺസ്റ്റോപ്പ് സെന്റർ**

ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ ലഭ്യമാണ്.

**16. സ്വധർ ഗ്രഹ് പദ്ധതി:**

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താത്ക്കാലിക താമസ സൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വധാർഗ്രഹ് പദ്ധതി വകുപ്പ് മുഖേന നടപ്പാക്കുന്നു. സംസ്ഥാനത്ത് 4 ജില്ലകളിലായുള്ള 7 NGO സ്ഥാപനങ്ങൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേരള സോഷ്യൽ വെൽഫയർ ബോർഡിന്റെ മേൽനോട്ടത്തിലാണ് ഈ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നത്.

**17. ഉജ്ജ്വല ഹോം:**

ലൈംഗിക ചൂഷണംതടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല. ടി പദ്ധതി പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി prevention ഇനത്തിൽ ഒരു ഹോമിനു 1,00,000/- രൂപയും Rehabilitation ഇനത്തിൽ ഒരു ഹോമിനു

25,23,500/- രൂപയും എന്ന നിരക്കിൽ 60:30:10 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രം, സംസ്ഥാനം, സംഘടന എന്നിവർ വഹിക്കുന്നു.

**18. ഷെൽട്ടർ ഹോമുകൾ**

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഢനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. 2014-15 മുതൽ ,സർക്കാർ ധനസഹായത്താൽ സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന ഷെൽട്ടർ ഹോമുകൾ നടപ്പിലാക്കി വരുന്നു. ഗാർഹിക പീഢനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഷെൽട്ടർ ഹോം പദ്ധതിയിലൂടെ 636 സ്ത്രീകൾക്കും അവരുടെ 411 കുട്ടികൾക്കും അഭയം നൽകുകയും 445 കുടുംബങ്ങളെ കൗൺസിലിംഗിലൂടെ കുടുംബവുമായി ഒന്നിപ്പിക്കുകയും ചെയതു. കൂടാതെ 49 ഗുണഭോക്താക്കൾക്ക് സ്ഥിരവരുമാനം ലഭിയ്ക്കുന്ന ജോലി ഉറപ്പ് വരുത്തുകയും ഷെൽട്ടർ ഹോമിൽ അഭയം നൽകിയ 6 യുവതികളുടെ വിവിഹം നടത്തിക്കൊടുക്കുകയും ചെയ്തു.

**19. മഹിളാ മന്ദിരങ്ങൾ**

വനിതാ ശിശുവികസന വകുപ്പിൻ കീഴിൽ 12 ഗവൺമെന്റ് മഹിളാ മന്ദിരങ്ങൾ ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. 18 വയസ്സിനും 60 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ, അമ്മമാരോടൊപ്പം വരുന്ന 10 വയസ്സുവരെ പ്രായമുള്ള കുട്ടികൾ എന്നിവരാണ് സ്ഥാപനത്തിലെ താമസ്സക്കാർ. വിധവകൾ അവിവാഹിതരായ അമ്മമാർ അഗതികൾ, അനാഥർ, ഗാർഹിക പീഡനത്തിന് ഇരയായവർ , ഇപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട സ്ത്രീകളോടൊപ്പം വരുന്ന 10 വയസ്സുവരെയുള്ള കുട്ടികൾ എന്നിവർക്ക് സൗജന്യ താമസം, ഭക്ഷണം, മരുന്ന് വസ്ത്രം എന്നിവ നൽകി സംരക്ഷിച്ചുവരുന്നു. ഓരോ മഹിളാ മന്ദിരങ്ങളിലും 25 താമസക്കാരെ പാർപ്പിക്കാൻ അനുമതിയുണ്ട്. 12 മഹിളാമന്ദിരങ്ങളിലുംകൂടി 300 താമസക്കാരെ താമസിപ്പിക്കാൻ അനുമതിയുള്ളതിൽ നിലവിൽ 276 താമസക്കാർ സ്ഥാപനങ്ങളിൽ ഉണ്ട്. താമസക്കാർക്ക് സ്ഥാപനത്തിന് പുറത്തുപോയി തൊഴിലെടുക്കുന്നതിനും വിദ്യാഭ്യാസം ചെയ്യുന്നതിനും സൗകര്യം ഒരുക്കിക്കൊടുക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന് ആവശ്യമായ ഫണ്ടും വകുപ്പ് അനുവദിക്കുന്നുണ്ട്. കൂടാതെ താമസക്കാരുടെ വിവാഹത്തിനായി 1 ലക്ഷം രൂപയും വകുപ്പിൽനിന്ന് അനുവദിച്ചുവരുന്നു. താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി HLFPPT ( Hindhustan Life care Family Planning Promotional Trust ) മായി

സഹകരിച്ച് ചികിത്സയും മരുന്നും അനുവദിച്ചുവരുന്നുണ്ട്. താമസക്കാരുടെ സംരക്ഷണത്തിനായി മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ സേവനവും നൽകിവരുന്നു. ഈ സാമ്പത്തിക വർഷം താമസക്കാരുടെ പുനരധിവാസത്തിനായി സ്വയംതൊഴിൽ പരിശീലനം നൽകുക , ജൈവകൃഷി/ ഗ്രോബാഗ് കൃഷി, തയ്യൽ യൂണിറ്റ്, കുട നിർമ്മാണം, LED ബൾബ് അസംബ്ലി യൂണിറ്റ്, കോഴി വളർത്തൽ, ബുക്ക്ബൈന്റിംഗ് യൂണിറ്റ്എന്നീ പ്രവർത്തികൾ ആരംഭിക്കുന്നതിന് അനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. 12 ഗവൺമെന്റ് മഹിളാമന്ദിരങ്ങളിലെയും താമസക്കാരുടെ മാനസിക ശാരീരിക ആരോഗ്യ സംരക്ഷണത്തിനായി യോഗാ പരിശീലനം നൽകുന്നതിനായി ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ താമസക്കാരിൽ തയ്യൽ ജോലിയിൽ താൽപര്യമുള്ളവരെ തൃശ്ശൂർ മഹിളാമന്ദിരത്തിൽ ഒരു റെഡിമെയിഡ് ഗാർമെന്റ് യൂണിറ്റ് തുടങ്ങി അവിടെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## 20. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ .

ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയും സൗജന്യ നിയമസഹായവും ലഭ്യമാക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 82 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ ധനസഹായത്തോടെ സാമൂഹ്യക്ഷേമ ബോർഡ് മുഖേന പ്രവർത്തിക്കുന്നു. എല്ലാ സെന്ററുകളിലും വനിതാ അഡ്വക്കേറ്റുമാരായ ലീഗൽ കൗൺസിലർമാരുടെ സേവനം ആഴ്ചയിൽ 3 മണിക്കൂർ വീതം 3 ദിവസം ലഭ്യമാകുന്നു. സൗജന്യ കൗൺസിലിംഗ്, സൗജന്യ നിയമ സഹായം അവശ്യ ഘട്ടങ്ങളിൽ വൈദ്യ സഹായം, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൽസ്, പോലീസിന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ, ഗാർഹിക പീഢനനിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയാണ് സർവീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ നിന്നുമ സൗജന്യമായി ലഭിക്കുന്ന സേവനങ്ങൾ.

## 21. Family Counseling Centres: -(കേന്ദ്രാവിഷ്കൃത പദ്ധതി)

വനിത ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 38 ഫാമിലി കൗൺസിലിങ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ആകെ 77 കൗൺസിലർമാർ സേവനം അനുഷ്ഠിച്ചു വരുന്നു. ഫാമിലി കൗൺസിലിങ് സെന്ററുകളിലെ കൗൺസിലർമാർ വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിങ് സൗജന്യമായി നൽകുകയും, സ്ത്രീകളെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു .ഫാമിലി കൗൺസിലിംഗ് സെന്ററുകളിൽ കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്ന Dowry, Domestic Violence, Alcoholism & Drug Addiction, Marital mal adjustment with

spouse/in-laws, economic crisis, family & property dispute extramarital relationship, mental & physical torture, depression എന്നിങ്ങനെ യുള്ള പലതരത്തിലുള്ള കേസുകൾ രജിസ്റ്റർ ചെയ്യുന്നു. പ്രസ്തുത കൗൺസിലർമാർ അവർ കൈകാര്യം ചെയ്യുന്ന കേസുകളുടെ ഫോളോ അപ്പ് നടത്തുകയും വീടുകൾ സന്ദർശിക്കുകയും ചെയ്യുന്നു.

**22. വൺ ഡേ ഹോം (ഏകദിന വസതി)**

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.തിരുവനന്തപുരം തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾ, പെൺകുട്ടികൾ, അമ്മമാരോടൊപ്പമുള്ള 12 വയസ്സുവരെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ടി സ്ഥാപനത്തിൽ പ്രവേശനം എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്. ഒരാൾക്ക് 1 ദിവസത്തേയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക. ഒരു ദിവസത്തിന് ഡോർമെറ്ററിയ്ക്ക് 150/- രൂപയും ക്യൂബിക്കിളിൽ 250/- രൂപയുമാണ് ചാർജ്ജ്. അടിയന്തര സാഹചര്യങ്ങളിൽ 3 ദിവസംവരെ പ്രവേശനം അനുവദിക്കുന്നതാണ്. ഒരു ദിവസത്തിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും യഥാക്രമം 200/- രൂപയും 300/-രൂപയും അടച്ച് പ്രവേശനം നേടാവുന്നതാണ്. 3 ദിവസത്തിനു കൂടുതൽ അനുവദനീയമല്ല.

**23. എന്റെ കൂട്**

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത **എന്റെ കൂട്** പദ്ധതി സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കുന്നു. 2015-ൽ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനു സമീപവും 2018-ൽ തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിലെ K.T.D.F.C കെട്ടിടത്തിലും പ്രവർത്തനം ആരംഭിച്ചു.മാസത്തിൽ ഒരാൾക്ക് പരമാവധി 3 ദിവസത്തേയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക.അടിയന്തിര സാഹചര്യങ്ങളിൽ 3 ദിവസങ്ങളിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനു 150/- രൂപ ക്രമത്തിൽ അടച്ച് പ്രവേശനം നേടാവുന്നതാണ്.സ്ത്രീകൾ, പെൺകുട്ടികൾ, 12 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്.

അശരണരായ വനിതകൾക്ക് മുൻഗണനന ഉണ്ടായിരിക്കുന്നതാണ്. (കുട്ടികൾക്ക് മാത്രമായി അഡ്മിഷൻ അനുവദിക്കുന്നതല്ല.)

**24. ബേഠി ബച്ചാവോ ബേഠി പഠാവോ**

രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞ് വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പയിനായി ഉയർത്തി കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ. കേരളത്തിൽ തൃശ്ശൂർ ജില്ലയിൽ ജില്ല കളക്ടറുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പാക്കുന്നു.

**25. മഹിള ശക്തി കേന്ദ്ര (MSK)**

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ ശക്തി കേന്ദ്ര പദ്ധതി വകുപ്പ് മുഖേന നടപ്പാക്കുന്നു. മഹിളാ ശക്തി കേന്ദ്രയുടെ പ്രവർത്തനങ്ങൾ ജില്ല തലത്തിൽ District Level Centre for Women (DLCW) മുഖേനയും സംസ്ഥാന തലത്തിൽ' State resource Centre for Women(SRCW) മുഖേനയുമാണ് നടപ്പാക്കുന്നത്. സ്ത്രീകൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം IEC പ്രവർത്തനം എന്നിവ ഈ സംവിധാനത്തിന്റെ ചുമതലയാണ്.

**26. റസ്ക്യൂഹോമുകൾ**

ഇമ്മോറൽ ട്രാഫിക് നിരോധന നിയമം പ്രകാരം ശിക്ഷിക്കപ്പെട്ടവരും ചൂഷണത്തിന് വിധേയരാകാൻ സാധ്യതയുള്ളവരുമായ സ്ത്രീകൾക്ക് സംരക്ഷണം നൽകി അനുയോജ്യമായ പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ജയിൽ വകുപ്പിന് കീഴിൽ 09-06-1973 ൽ തവനൂരിൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് റെസ്ക്യൂ ഹോം. നിലവിൽ ഈ സ്ഥാപനം വനിതാ ശിശു വികസന വകുപ്പിലാണ് പ്രവർത്തിച്ചു വരുന്നത്.

വനിതാ ശിശു വികസന വകുപ്പ് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

I. തൊഴിലിടങ്ങളിൽ വനിതാ പ്രാതിനിധ്യം, തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക.

II. സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

III. ശിശു പരിപാലന സൗകര്യങ്ങൾ തൊഴിലിടങ്ങളിൽ ഏർപ്പെടുത്തുക.

IV. സ്ത്രീകൾക്ക് വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി Skill Development Training and Employment for Women എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

V. വ്യവസായ വകുപ്പും കിൻഫ്രയുമായി സഹകരിച്ച് സ്ത്രീകൾക്ക് മാത്രമായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

VI. സ്ത്രീകൾക്ക് തൊഴിൽ മേള സംഘടിപ്പിക്കുക.

VII. മഹിളാ ശക്തി കേന്ദ്രയുടെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് ഗ്രാമീണ ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

VIII. ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

IX. ലൈംഗിക തൊഴിലാളികളായ സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

X. വിധവകളുടെ പുനരധിവാസം.

XI. സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങളും സർവേയും നടത്തുക.

XII. സ്ത്രീ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

XIII. വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിയമങ്ങളും ചട്ടങ്ങളും ഭേദഗതികളും പുനപരിശോധിക്കുക.

XIV. മഹിളാ മന്ദിരങ്ങളിലെ താമസക്കാരുടെ പുനരധിവാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക

XV. പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജെൻഡർ ഓഡിറ്റിംഗ് നടത്തി സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത ഇടങ്ങളെ കണ്ടെത്തുകയും, ടി സ്ഥലങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിനും, കൂടുതൽ സുരക്ഷിതമാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ്.

27. സ്ത്രീധന നിരോധന നിയമം 1961

സമൂഹത്തിൽ സ്ത്രീ പീഡനം വർദ്ധിക്കുന്നതിന് ഒരു പ്രധാന കാരണം പരിഷ്കൃത സമൂഹത്തിന് തന്നെ അപമാനകരമായ സ്ത്രീധനമെന്ന അനാചാരമാണ്. സ്ത്രീകൾക്ക് നേരെ സമീപ കാലങ്ങളിൽ വർദ്ധിച്ചു വരുന്ന സ്ത്രീധന പീഡനങ്ങൾ/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ സ്ത്രീധനമെന്ന അനാചാരത്തെ സമൂഹത്തിൽ നിന്ന് പൂർണ്ണമായും തുടച്ചുമാറ്റപ്പെടേണ്ട ആവശ്യകതയെ ചൂണ്ടിക്കാട്ടുന്നു. എന്നാൽ സ്ത്രീധനമെന്ന അനാചാരം സമൂഹത്തിൽ വളരെ ആഴത്തിൽ വേരോടിയിരിക്കുന്നതിനാൽ, ഉടനടി സ്ത്രീധന സമ്പ്രദായം നിർത്തലാക്കുക എന്നത് എളുപ്പമല്ല. സത്രീധനം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത്

സമൂഹത്തിൽ വളരെ സാധാരണമായി നടന്നുവരുന്ന ഒരു ആചാരമായതിനാൽ, ആരും തന്നെ സ്ത്രീധനം ചോദിക്കുന്നതിൽ തെറ്റ് കാണുന്നില്ല എന്നത് ഒരു വാസ്തവമാണ്. എന്നാൽ സ്ത്രീധനം ചോദിച്ചു/വാങ്ങി എന്നുള്ള പരാതികൾ ലഭിക്കുന്നത് ദമ്പതികളുടെ ബന്ധത്തിൽ വിള്ളലുകൾ വീഴുമ്പോൾ മാത്രമാണ്. മേൽ വസ്തുതകളാണ് സത്രീധന നിരോധന നിയമം സമഗ്രമായി നടപ്പിലാക്കുന്നതിന് വകുപ്പ് നേരിടുന്ന പ്രധാന തടസ്സം.

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡവറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/ സംഘടനകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായംനിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും WEC 1/9752/21 dt.16/07/2021 എന്ന സർക്കുലർ പ്രകാരം ചീഫ് ഡവറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത വകുപ്പുകൾ റിപ്പോർട്ട് ചെയ്യാൻ ജില്ലാ സ്ത്രീധന നിരോധന ഓഫീസർക്കും പ്രസ്തുത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>28. സ്ത്രീ സുരക്ഷയ്ക്കായി വനിതാ ശിശു വികസന വകുപ്പ് നടത്തുന്ന പ്രചാരണ പരിപാടികൾ</u>

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ

പോസ്റ്ററുകൾ ഒട്ടിക്കുവാനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഢനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും, പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കി. ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി പീഢനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഢനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, വേണ്ട സഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകി. കൂടാതെ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പു വരുത്തുകയും, വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിയ്ക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കുവാനും, ഡവറി പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District legal service Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും

സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ഷെൽട്ടർ ഹോമുകളെപ്പറ്റിയും പൊതുജനങ്ങൾക്ക് അറിവ് പകർന്നുകൊടുക്കുവാനും സഹായം ആവശ്യമുള്ളവർക്ക് സമയബന്ധിതമായി സഹായം/സേവനം നൽകാൻ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകി.

എല്ലാ അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിരിക്കുന്നതിനാൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുള്ള സ്ത്രീകളുടെ വിവരങ്ങൾ അറിയുന്ന പക്ഷം പ്രാഥമിക സേവനം അങ്കണവാടി വർക്കർ വഴിയും ആവശ്യമെങ്കിൽ സൂപ്പർവൈസർക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയിലും സൂപ്പർവൈസർമാർ സംവിധാനം ഒരുക്കുവാനും 'പറയാം, പരിഹരിയ്ക്കാം' എന്ന കൈപ്പുസ്തകം എല്ലാവരും ഇതിലേയ്ക്കായി പ്രയോജനപ്പെടുത്തുവാനും എല്ലാ സൂപ്പർവൈസർമാരും, അങ്കണവാടി വർക്കർമാരുടെ മീറ്റിംഗ് ഉടനടി വിളിച്ചുചേർത്ത് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും ജില്ലാ ഓഫീസർമാർ ഇക്കാര്യം ഉറപ്പു വരുത്തുവാനും നിർദ്ദേശം നൽകിയതിനൊപ്പം ഇതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് അവരുടെ ഓഫീസിലോ, അല്ലെങ്കിൽ ജാഗ്രതാ സമിതി ഓഫീസിലോ ഉള്ള സ്ഥലം വിനിയോഗിക്കാവുന്നതും, അല്ലാത്ത പക്ഷം ഇരുനിലകളുള്ള അങ്കണവാടികളിലെ Mother's meeting hall വിനിയോഗിക്കുവാനും അനുവാദം നൽകി.

കൂടാതെ സ്ത്രീകൾക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായും നിർഭയമായും സഞ്ചരിക്കാൻ 'സധൈര്യം മുന്നോട്ട് എന്ന പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ 'പൊതുയിടം എന്റേതും' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് രാത്രി നടത്തം, രാത്രികാല ഷോപ്പിംഗ് മുതലായ പരിപാടികളും സംഘടിപ്പിച്ചിരുന്നു. സ്ത്രീകൾ രാത്രി പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നതിനെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന പ്രാകൃത ചിന്താഗതി കാലക്രമേണ മാറ്റിയെടുക്കുന്നതിനും, കൂടുതൽ സ്ത്രീകളെ രാത്രി കാലങ്ങളിൽ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നതിനുമായി പ്രസ്തുത പരിപാടി തുടർന്ന് പോകുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

## 29. അനുപൂരക പോഷകാഹാര പദ്ധതി

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ,ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നീ വിഭാഗങ്ങൾക്ക് പോഷകാഹാരം നല്കിവരുന്നു. ടി പദ്ധതി 50% കേന്ദ്ര വിഹിതവും 50% സംസ്ഥാനവിഹിതവും വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതി പ്രകാരം 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 08/-രൂപയും, ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് 12/-രൂപയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 9.50/-രൂപയും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

**30. 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ**

6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് കുടുംബശ്രീയുടെ സ്വയം സഹായ സംഘങ്ങൾ നിർമ്മിക്കുന്ന ഫോർട്ടിഫൈ ചെയ്ത അമൃതം ന്യൂട്രിമിക്സ് ടേക് ഹോം റേഷനായി അനുവദിക്കുന്നു.

**31. 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ**

3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ നല്കി വരുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ന്യൂട്രീഷണൽ സ്റ്റാൻഡേർഡ്സ് ഉറപ്പാക്കി ഓരോ പഞ്ചായത്തും തദ്ദേശീയ താൽപര്യങ്ങളുടേയും ലഭ്യതയുടേയും അടിസ്ഥാനത്തിൽ ഭക്ഷ്യ വസ്തുക്കൾ നല്കി വരുന്നു.

**32. ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർ**

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 15 മാസത്തേക്ക് (ഗർഭകാല ആരംഭം മുതൽ പ്രസവശേഷം 6 മാസം വരെ) ഗോതമ്പ് 130 ഗ്രാം (3250gm/month), എണ്ണ 10 ഗ്രാം (250gm/month), കപ്പലണ്ടി-10 ഗ്രാം (250gm/month) എന്നിവ ടേക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു.

**33. WBNP പദ്ധതി (Wheat Based nutrition Programme)**

അങ്കണവാടികളിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നല്കിവരുന്ന അമൃതം ന്യൂട്രിമിക്സ് നിർമ്മാണത്തിനുള്ള ഗോതമ്പും 3 വയസ്സ് മുതൽ 6 വയസ്സ വരെയുള കുട്ടികൾക്ക് ഉച്ച് ഭക്ഷണത്തിനുള്ള അരിയും കേന്ദ്ര സർക്കാരിന്റെ WBNP പദ്ധതി പ്രകാരം യതാക്രമം 02/-രൂപക്കും 03/-രൂപക്കും ലഭ്യമാകുന്നു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഡിപ്പോ വഴി ലഭ്യമാകുന്ന അരി 8 മൈക്രോ ന്യൂട്രിയൻസ് ഉപയോഗിച്ച വിതതരണം ചെയ്യുന്നു.

**34. സ്പെഷ്യൽ അങ്കണവാടി പദ്ധതി**

വിഭിന്നശേഷി കുട്ടികൾക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളതും വിഭിന്നശേഷി കുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ള അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽ നിന്നും) തെരഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിന് 21-05-2021 തീയതിയിലെ സ.ഉ(സാധാ) നമ്പർ 335/2021/സാനീവ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. പ്രാരംഭ ഘട്ടമായി വിവിധ പ്രോജക്ടുകളിൽ നിന്നും 142 അങ്കണവാടികളെ തെരഞ്ഞെടുത്ത് പദ്ധതിയിൽ പ്രതിപാദിക്കുന്ന (ബാരിയർ ഫ്രീ) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത് . ഇതിലേക്കായി സ്പെഷ്യൽ എഡ്യുക്കേറ്ററെ നിയമിക്കുന്നതിനും മറ്റ് ബാരിയർ ഫ്രീ സൗകര്യം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ച വരുന്നു.

35. **കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി**

അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **കമ്മ്യൂണിറ്റി കിച്ചൺ**. അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ ആദിവാസി ഊരുകൾ കേന്ദ്രീകരിച്ചാണ് 2013

മുതൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ഐ സി ഡി എസ് ഗുണഭോക്താക്കൾക്കു പുറമെ ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ, വയോജനങ്ങൾ,മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, വിധവകൾഎന്നിവരാണ് കമ്മ്യൂണിറ്റി കിച്ചന്റെ ഗുണഭോക്താക്കൾ. പദ്ധതിയ്ക്കാവശ്യമായ ഫണ്ട് വനിതാശിശുവികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും(60:40 എന്ന അനുപാതത്തിൽ) സംയുക്തമായാണ് നൽകി വരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുകയും 2014 ഡിസംബർ മുതൽ കുടുംബശ്രീ മുഖാന്തിരം പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. കുടുംബശ്രീ മുഖേന ഭക്ഷണ സാധനങ്ങൾ ഏറ്റെടുത്ത് പാചകം ചെയ്ത് ഭക്ഷണപദാർത്ഥം രാവിലെയും വൈകുന്നേരവും ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ വിതരണം ചെയ്യുന്നു.

## 36. ആദ്യ 1000 ദിന പരിപാടി

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതും കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിലാണ് ആദ്യ 1000 ദിന പരിപാടി ആരംഭിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം മുതൽ എസ്.സി./എസ്. റ്റി. ജനസംഖ്യ, മത്സ്യത്തൊഴിലാളി ജനസംഖ്യ, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് 10 ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിക്കുകയും 2021-22 സാമ്പത്തിക വർഷം മുതൽ പുതിയ 17 പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 28 പ്രോജക്ടുകളിൽ (ജില്ലയിൽ 2 വീതം) പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു. കുട്ടിയുടെ ആദ്യ 1000 ദിനങ്ങളിൽ അനുയോജ്യമായ വളർച്ചയും വികസനവും ഉറപ്പിക്കുന്നതിനായി അമ്മയുടെ ആരോഗ്യത്തിനും സുഖകരമായ ജീവിതത്തിനും പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ 3 മാസത്തിലൊരിക്കൽ ഗർഭിണികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഗർഭിണികളുടെ തൂക്കം, BP തുടങ്ങിയവ പരിശോധിക്കുന്നു. മെഡിക്കൽഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്കുള്ള പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾഅങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഗർഭിണികൾക്ക് തെറാപ്യൂട്ടിക് ഫുഡിന് പുറമെ ആവശ്യമായ IFA ഗുളികകൾ ,കാൽസ്യം ഗുളികകൾ, പ്രസവം സംബന്ധിച്ച ബ്രോഷറുകൾ, സമ്പൂർണ്ണ മുലയൂട്ടലിന്റെ പ്രാധാന്യം സംബന്ധിച്ച് ബുക്ക് ലെറ്റ്,മുലപ്പാൽ ഉണ്ടാകുന്നതിനുള്ള ആഹാര രീതികൾ തുടങ്ങിയവ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ലഭ്യമാക്കുന്നു. അങ്കണവാടി വർക്കർമാർ ഗർഭിണികളെ കൃത്യമായും follow up ചെയ്യുകയും ഗർഭിണികളുടെ തൂക്കത്തിൽ വരുന്ന വ്യത്യാസം, പ്രസവത്തിന്റെ വിവരങ്ങൾ , കുട്ടിയുടെ ജനനതൂക്കം തുടങ്ങിയവ റിക്കോർഡ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി ഉണ്ടാകും.കൂടാതെതെരഞ്ഞെടുക്കപ്പെടുന്ന **ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വി** തരണം ചെയ്യുന്നു.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെഭാഗമായി നടപ്പിലാക്കി വന്നിരുന്ന മെഡിക്കൽ ക്യാമ്പ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അങ്കണവാടി വർക്കർമാർ, സൂപ്പർവൈസർമാർ എന്നിവർ മുഖേന ഗുണഭോക്താക്കൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണം online ആയും അല്ലാതെയും നൽകുന്നതിനുള്ള നിർദ്ദേശം നൽകുകയും പദ്ധതിയുമായി ബന്ധപ്പെട്ട IEC material എല്ലാ ഗുണഭോക്താക്കൾക്കും നൽകുന്നതിനുമുള്ള നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പിൽ നിന്നും നൽകിയിട്ടുള്ള പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നു.

## 37. സ്കീം ഫോർ അഡോളസെന്റ് ഗേൾസ്

11 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രഗവൺമെന്റ് പദ്ധതിയായിരുന്നു 'സബല'. 2010-11 വർഷം മുതൽ കൊല്ലം, ഇടുക്കി,മലപ്പുറം,പാലക്കാട് എന്നീ 4 ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. 2018-19 മുതൽ സാഗ് പദ്ധതി പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കൾ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത (school dropout) പെൺകുട്ടികൾ മാത്രമായി.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത (school dropout) പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. . കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പോഷകാഹാരവും ആരോഗ്യനിലയും മെച്ചപ്പെടുത്തുക, ആരോഗ്യം, ശുചിത്വം, പോഷണം എന്നീ കാര്യങ്ങളിൽ അവബോധം ഉണ്ടാക്കുക, സ്വയം വികസനത്തിനും ശാക്തീകരണത്തിനുമായി കൗമാരപ്രായക്കാരായ പെൺകുട്ടികളെ പ്രാപ്തരാക്കുക, കൗമാരപ്രായക്കാരായ സ്കൂളിൽ പോകാത്ത പെൺകുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിന് പ്രോൽസാഹിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

പദ്ധതിയുടെ ഭാഗമായി ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും അനുപൂരക പോഷകാഹാരം വിതരണം ചെയ്യുന്നു. ഇതിനാവശ്യമുള്ള കേന്ദ്ര വിഹിതം (50%) ശിശുവികസന പദ്ധതി ഓഫീസർ മുഖേന ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുപൂരക പോഷകാഹാര വിതരണത്തിനായി അനുവദിയ്ക്കാറുണ്ട്. പ്രതിദിനം 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ലഭ്യമാകുന്ന വിധത്തിലുള്ള ഭക്ഷണ പദാർത്ഥം Take home ration ആയി ഓരോ മാസവും 25 ദിവസത്തേയ്ക്ക് എന്ന രീതിയിൽ ഒരു വർഷത്തേയ്ക്ക് അനുവദിച്ചു നൽകുന്നു.

## 38. നാഷണൽ ക്രഷ് സ്കീം - വർക്കർ, ഹെൽപ്പർ ഓണറേറിയം വർദ്ധനവ്

60% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീം പ്രകാരം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷ് വർക്കർ, ഹെൽപ്പർമാരുടെ പ്രതിമാസ ഓണറേറിയം യഥാക്രമം 3000/- ,

1500/- രൂപ നിരക്കിൽ ആണ് നൽകി വന്നിരുന്നത്. നിലവിലെ ജീവിത സാഹചര്യത്തിൽ ഇത് വളരെ കുറഞ്ഞ തുകയാണ് എന്നുള്ള വസ്തുത കണക്കിലെടുത്ത് 31/03/2020 തീയതിയിലെ സ. ഉ. (ആർ.റ്റി) നം.174/2020/സാ.നീ.വ പ്രകാരം പ്രതിമാസ ഓണറേറിയം നിരക്കിൽ അധിക സംസ്ഥാന വിഹിതമായി യഥാക്രമം 1000/-, 500/- രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്.

39. <u>ക്രഷുകളിലെ വർക്കർമാർക്കുള്ള പരിശീലന പരിപാടി</u>

നാഷണൽ ക്രഷ് സ്കീം പ്രകാരം കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലും NGOs മുഖേനയും പ്രവർത്തിച്ച് വരുന്ന ക്രഷുകളിലെ വർക്കർ, ഹെൽപ്പർമാർക്ക് നാളിതു വരെ പരിശീലനം ഒന്നും തന്നെ വകുപ്പ് മുഖേനെ നൽകിയിട്ടില്ല. അത്തരത്തിൽ ഒരു പരിശീലനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സ. ഉ (ആർ.റ്റി) നം. 363/2021/സാ. നീ. വ, തീയതി: 27/05/2021 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് . കോവിഡ് - 19 പ്രോട്ടോകോളുകൾക്ക് വിധേയമായി പരിശീലന പരിപാടി നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

40. <u>വനിത ശിശു വികസന വകുപ്പ് രൂപീകരിച്ച ശേഷവും നിലവിൽ നടപ്പിലാക്കി വരുന്ന തുടർ പദ്ധതികൾ</u>

നാഷണൽ ക്രഷ് സ്കീം : സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ക്രഷുകൾ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 1/01/2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ക്രഷുകൾക്ക് കേന്ദ്ര സർക്കാർ - 60%, സംസ്ഥാന സർക്കാർ - 30%, NGOs - 10% എന്ന അനുപാതത്തിൽ ഗ്രാന്റ് നൽകിവരുന്നു.

വനിതാശിശു വികസന വകുപ്പ് രൂപീകരിച്ച ശേഷം വകുപ്പിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. സാമൂഹിക മാറ്റത്തിന്റെ വക്താക്കളായി ICDS പ്രവർത്തകരെ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ അങ്കണവാടി വർക്കർ, ഹെൽപ്പർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്കുള്ള പരിശീലനപദ്ധതിയും വനിതാ ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ വർഷവും ജീവനക്കാർക്കായി വകുപ്പുതല ഇൻസർവീസ് ട്രെയിനിംഗ് നടത്തി വരുന്നു. IMG മുഖേനയും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖേനയും വകുപ്പ് നേരിട്ടും ട്രെയിനിംഗുകൾ സംഘടിപ്പിച്ചു വരുന്നു.

**41. വിവിധ ദിനാചരണങ്ങൾ**

ദിനാചരണ കലണ്ടർ പ്രകാരം ഒക്ടോബർ-2 ഗാന്ധി ജയന്തി, ജനുവരി-24 ബാലികാദിനം എന്നീ ദിനത്തോടനുബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

**42.പ്രവേശനോൽസവം**

പുതുതായി അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജൂൺ, നവംബർ മാസങ്ങളിൽ പ്രവേശനോൽസവം സംഘടിപ്പിക്കാറുണ്ട്.

**43. മികച്ച പ്രവർത്തനങ്ങൾക്കുള്ള ഐസിഡിഎസ് സംസ്ഥാന അവാർഡ്.**

പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മികച്ച പ്രവർത്തനം കാഴ്ച്ച വെച്ച അങ്കണവാടി വർക്കർ, ഹെൽപ്പർ ,ശിശു വികസന പദ്ധതി ഓഫീസർ ,പ്രോഗ്രാം ഓഫീസർ, സൂപ്പർവൈസർ, എന്നിവർക്കും ഐ സി ഡി എസ്സ് രംഗത്ത് മികച്ച നേതൃ പാടവം കാഴ്ച വെച്ച ജില്ലാ കളക്ടർക്കും, മികച്ച അങ്കണവാടിയ്ക്കും അവാർഡ് നൽകി ആദരിച്ച് വരുന്നുണ്ട്.

**44. പ്രീ -സ്കൂൾ പഠന സഹായികളുടെ കന്നട ഭാഷയിലേയ്ക്കുള്ള മൊഴിമാറ്റം.**

2019-20 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ കന്നടഭാഷാ വിഭാഗത്തിൽപ്പെട്ട അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്കായി അവരുടെ ഭാഷയിൽതന്നെ തയ്യാറാക്കിയ പ്രീ-സ്കൂൾ പഠന സഹായികൾ വിതരണം ചെയ്തിട്ടുണ്ട്.

**45. കിളിക്കൊഞ്ചൽ ഓൺലൈൻ പാഠ്യപദ്ധതി**

കോവിഡ്-19 രോഗബാധയെ തുടർന്ന് അങ്കണവാടികൾ മുഖേനയുള്ള പ്രീസ്കൂൾ പഠനത്തിന് നേരിട്ട പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രീസ്കൂൾ തീമതിഷ്ഠിതമായ വീഡിയോകൾ Cdit ന്റെ സാങ്കേതിക സഹകരണത്തോടെ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴി 2020 ജൂൺ-5 മുതൽ കിളിക്കൊഞ്ചൽ എന്ന പേരിൽ വിനോദ വിജ്ഞാന പാഠ്യ പദ്ധതി പ്രദർശിപ്പിച്ച് വരുന്നു.

**46. പ്രീ -സ്കൂൾ പഠന സഹായികളുടെ തമിഴ് ഭാഷയിലേയ്ക്കുള്ള മൊഴിമാറ്റം.**

തമിഴ് പ്രാദേശിക ഭാഷയായി അംഗീകരിച്ചിട്ടുള്ള തൃശ്ശൂർ, പാലക്കാട് ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ പ്രീസ്കൂൾ കുട്ടികളുടെ പഠനം ആസ്വാദ്യകരവും ലളിതവുമാക്കുന്നതിനായി പ്രീ സ്കൂൾ പഠന സഹായികളും വളർച്ചാ നിരീക്ഷണ കാർഡും SCERT Kerala യുടെ സഹകരണത്തോടെ തമിഴിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്. അങ്കണപ്പൂമഴ, അങ്കണത്തൈമാവ്, അസ്സസ്മെന്റ് കാർഡ്(3-4)(4-5)(5-6) എന്നിവ C-APT മുഖേന പ്രിന്റ് ചെയ്ത് ലഭ്യമാക്കുകയും ആയത് 4 ജില്ലകളിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**47. മുതുവാൻ വിഭാഗക്കാർക്കുള്ള ചിത്രപാഠാവലി.**

ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി ECCE പോളിസിയ്ക്ക് അനുസൃതമായി അങ്കണവാടിയിൽ ഉപയോഗിയ്ക്കുന്നതിനായി പ്രീ സ്കൂൾ തീം അധിഷ്ഠിതമായ പിക്ചർ ഡിക്ഷനറി യൂനിസെഫിന്റെ സഹായത്തോടെ ഇടുക്കി ജില്ലയിലെ മുതുവാൻ ഗോത്ര വിഭാഗത്തിന് വേണ്ടി സ്റ്റേറ്റ് റിസോഴ്സ് സെന്റർ ചിത്ര പാഠാവലി തയ്യാറാക്കിയിരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ ഇടുക്കിയിലെ 'മുതുവാൻ' ഗോത്ര വിഭാഗക്കാർക്കായി യുണിസെഫ് ധന സഹായത്തോടെ (1000 പ്രതികൾ) തയ്യാറാക്കി അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്.

**48. അങ്കണവാടി പ്രീസ്കൂൾ പഠനം-CDC യുടെ റിപ്പോർട്ടിന്മേൽ മൊഴിമാറ്റം വരുത്തി കൈപുസ്തകം തയ്യാറാക്കുന്നത് സംബന്ധിച്ച്**

24.06.2020 ൽ കൂടിയ സ്റ്റേറ്റ് ECCE കമ്മിറ്റി മീറ്റിംഗ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മോഡൽ അങ്കണവാടി പ്രീസ്കൂൾ പഠനവുമായി ബന്ധപ്പെട്ട് CDC സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ശുപാർശകൾ മലയാളത്തിലേക്ക് മൊഴിമാറ്റം വരുത്തി പഞ്ചായത്തുകളിലേക്ക് മാർഗ്ഗ നിർദേശങ്ങളടങ്ങുന്ന കൈപുസ്തകം തയ്യാറാക്കുന്നതിന് വനിത ശിശു വികസന ഡയറക്ടറോട് നടപടി സ്വീകരിക്കുന്നതിന് ECCE കമിറ്റിയിൽ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൈപുസ്തകം തയ്യാറാക്കുകയും ആയത് പരിശോദിച്ച് അംഗീകരിക്കുന്നതിനായി കമ്മിറ്റി അംഗങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഉടൻ സർക്കാറിലേക്ക് ശുപാർശ സഹിതം സമർപ്പിക്കുന്നതാണ്.

**49. പണിയർ ചിത്രപാഠാവലി**

ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി ECCE പോളിസിയ്ക്ക് അനുസൃതമായി വയനാട് ജില്ലയിലെ പണിയർ ഗോത്ര വിഭാഗത്തിലെ അങ്കണവാടി കുട്ടികൾക്കായി സ്റ്റേറ്റ് റിസോഴ്സ് സെന്റർ ചിത്ര പാഠാവലിയും അദ്ധ്യാപന സഹായിയും പണിയ ഭാഷയിൽ തയ്യാറാക്കി വയനാട് ജില്ലയിൽ ലഭ്യമാക്കിയിട്ടുണ്ട്.

**50 .പ്രീസ്കൂൾ തീം അധിഷ്ഠിത ബുക്ക് ലെറ്റ് പ്രിന്റിംഗ്**

കോവിഡ് രോഗ വ്യാപനത്തെ തുടർന്ന് അങ്കണവാടി മുഖേന പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന് നേരിട്ടിരിക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി പ്രീസ്കൂൾ തീം അധിഷ്ഠിത പോസ്റ്ററുകൾ (കാർട്ടൂൺ/പിക്ചർ ബുക്ക് ലെറ്റ്സ്) തയ്യാറാക്കി സംസ്ഥാനത്തെ അങ്കണവാടികൾ മുഖേന പ്രീസ്കൂൾ കുട്ടികൾക്ക് അവരുടെ വീടുകളിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു

**51. 0-6 വയസ്സ് വരെയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള മൊബൈൽ ആപ്പ് രൂപീകരണം**

0-6 വയസ്സ് വരെയുള്ള കുട്ടികളുടെ വളർച്ച, വികാസം എന്നിവ രക്ഷിതാക്കൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനായി ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിന് Child Development Center Kerala യുടെയും Start up mission ന്റെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

52. **നാഷണൽ എഡ്യൂക്കേഷൻ പോളിസി-2020**

3-6 വയസ്സവരെയുള്ള കുട്ടികൾക്ക് ശൈശവപൂർവ്വകാല പരിചരണവും, വിദ്യാഭ്യാസവും എന്ന നയത്തിനെ അടിസ്ഥാനമാക്കി തികച്ചും ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടി ശിശു കേന്ദ്രീകൃതവും ശിശു സൗഹൃദപരവുമായ രീതിയിൽ അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം രൂപ കല്പന ചെയ്യേണ്ടതാണ്. കുട്ടികൾക്ക് വിവിധങ്ങളായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രവികാസം ഉറപ്പ് വരുത്തുന്നതിന് അനുയോജ്യമായ ഭൗതീക സാഹചര്യവും ശാസ്ത്രീയമായ പഠന രീതികളും അവലംബിക്കേണ്ടത് അനിവാര്യമാണ്. ആദ്യകാല ശിശു സംരക്ഷണത്തിനും, വിദ്യാഭ്യാസത്തിനും ശക്തമായ അടിത്തറ പാകി മികച്ച പഠനം വികസനം, ക്ഷേമം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ടാണ് പുതിയ ദേശീയ വിദ്യാഭ്യാസ നിയമം രൂപീകരിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളേയും പ്രവർത്തകരേയും പ്രാപ്തരാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ട് സർക്കാറിലേക്ക് സമർപ്പിക്കുന്നതിലേക്കുള്ള വർക്ക് പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്.

**53. അങ്കണവാടി കുടിവെള്ള സൗകര്യങ്ങൾ**

അങ്കണവാടികളിൽ ആവശ്യമായ പാചകത്തിനും, കുടിക്കുന്നതിനുമായി സുരക്ഷിതമായ വെള്ളം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. കേന്ദ്ര ഗവൺമെന്റ് ഒരു അങ്കണവാടിയ്ക്ക് 10,000/- രൂപ നിരക്കിലാണ് ഫണ്ട് അനുവദിക്കുന്നത്. ഈ പദ്ധതിയുടെ കേന്ദ്ര - സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്.

54. അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ് ലറ്റുകൾ

കുട്ടികൾക്ക് ലളിതമായി ഉപയോഗിക്കാൻ കഴിയത്തക്ക തരത്തിലുള്ള ടോയ് ലറ്റുകൾ അങ്കണവാടികളിൽ നിർമ്മിക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അങ്കണവാടികളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ നൽകുകയും ആരോഗ്യകരമായ രീതികൾ കുട്ടികളിൽ വളർത്താനും ശൈശവത്തിൽ തന്നെ ടോയ് ലറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്.

55. വയനാട് ജില്ലയിലെ അങ്കണവാടികളിൽ ശിശുസൗഹൃദ ടോയ് ലറ്റുകൾ

APIP പ്രകാരം കേന്ദ്ര സർക്കാർ വയനാട് ജില്ലയെ Aspirational ജില്ലയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന

നിരക്കിലാണ് സ്വച്ഛ ഭാരത ആക്ഷൻ പ്ലാൻ മാർഗ്ഗ നിർദ്ദേശപ്രകാരം ഒരു അങ്കണവാടിയ്ക്ക് 12,000 രൂപ നിരക്കിലാണ് അനുവദിച്ചത്.

56. വയനാട് ജില്ലയിലെ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം

APIP പ്രകാരം കേന്ദ്ര സർക്കാർ വയനാട് ജില്ലയെ Aspirational ജില്ലയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. ഒരു അങ്കണവാടിക്ക് 10,000/- രൂപ നിരക്കിലാണ് അനുവദിക്കുന്നത്.

57. അങ്കണവാടി മെയിന്റനൻസ്

കേന്ദ്ര സർക്കാരിന്റെ 19/01/21 ലെ കത്തിൻപ്രകാരം വനിതാ ശിശുവികസന വകുപ്പ് സ്വന്തമായി കെട്ടിടമുള്ള 21901 അങ്കണവാടികൾക്ക് 3000/- രൂപ നിരക്കിൽ മെയിന്റനൻസ് നടത്തുന്നതിന് തുക അനുവദിച്ചു.

2016-21 കാലയളവിൽ സംസ്ഥാനത്തെ 1110 അങ്കണവാടികൾ വകുപ്പ് മുഖേനയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നവീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 258 അങ്കണവാടികൾ ചായം എന്ന പദ്ധതി പ്രകാരം ശിശു സൗഹൃദമാക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ 139 അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് അങ്കണവാടി കെട്ടിടവും 13 അങ്കണവാടികൾക്ക് മാതൃകാ അങ്കണവാടി കെട്ടിടവും, 713 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 203 അങ്കണവാടികൾക്ക് കൂടി MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 2016-21 കാലയളവിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തെ 459 അങ്കണവാടികൾക്ക് State plan Fund വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗീക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ G.O(MS) 17/2012-SWD dt, 13.3.12 പ്രകാരം അംഗീകരിച്ചു നടപ്പാക്കി വരുന്ന നയ പരിപാടിയാണ് നിർഭയ പദ്ധതി. ലൈംഗീക പീഡനം, ലൈംഗീകാതിക്രമം, ലൈംഗീക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെ ചുവടെ ചേർക്കുന്ന 4 പ്രധാന മേഖലകളെ അടിസ്ഥാനമാക്കി വിവിധ പദ്ധതികൾ നടന്നുവരുന്നു.

**(a) പ്രതിരോധം**

**(b) സംരക്ഷണം**

**(c) നിയമനടത്തിപ്പ്**

**(d) പുനരധിവാസവും പുനരേകീകരണവും**

നിർഭയസെൽ വഴി നടന്നുവരുന്ന പദ്ധതികൾ

**58. വിമൻ ആന്റ് ചിൽഡ്രൻ ഹോമുകൾ**

സംസ്ഥാനത്തുടനീളം 12 ജില്ലകളിലായി 14 വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളും രണ്ട് എസ്.ഒ.എസ്. ഹോമുകളും പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട ജില്ലയിൽ ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. എല്ലാ ഹോമുകളും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. 12 വയസ്സിന് താഴെ പ്രായമുള്ള ലൈംഗീകാതിക്രമം അതിജീവിച്ച കുട്ടികൾക്കായുള്ള എസ്.ഒ.എസ്. ഹോം സർക്കാർ നേരിട്ട് നടത്തുന്നു. എല്ലാ ഹോമുകളിലുമായി ഏകദേശം 350 Hmfw താമസക്കാരുണ്ട്. ഇവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം, അഭയം, നിയമനടത്തിപ്പ്, വൈദ്യസഹായം, തൊഴിൽ പരിശീലനം എന്നിവ ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതിയോടെയാണ് കുട്ടികളെ ഹോമിൽ പ്രവേശിപ്പിക്കുന്നതും വിടുതൽ ചെയ്യുന്നതും.

**59. തേജോമയ ആഫ്റ്റർ കെയർ ഹോം**

വിമൻ ആന്റ് ചിൽഡ്രൻ ഹോം താമസക്കാരിൽ 16 വയസ്സിന് മുകളിലുള്ള ഉപരിപഠനത്തിന് താത്പര്യവും പ്രാപ്തിയും ഇല്ലാത്ത കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകി വരുമാനദായകമായ തൊഴിൽ കണ്ടെത്തി കൊടുക്കുന്നതിലേക്കാണ് ഈ ഹോം വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ 19 കുട്ടികൾ ഹോമിൽ താമസിച്ച് പരിശീലനം നേടിവരുന്നു.

**60. വിമൻ ആന്റ് ചിൽഡ്രൻ ഹോം (ഹോം ഫോർ മെന്റൽ ഹെൽത്ത്)**

വിമൺ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ ചെറിയ തോതിലുള്ള പെരുമാറ്റ വൈകല്യങ്ങൾ മുതൽ ഗുരുതരമായ മാനസിക രോഗത്തിന് ചികിത്സയിൽ കഴിയുന്നവർ വരെയുണ്ട്. ഇവരെ മറ്റ് താമസക്കാരോടൊപ്പം പാർപ്പിക്കുന്നതിന് അവർക്കും മറ്റ് താമസക്കാർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്ന താമസക്കാർക്ക് പ്രത്യേകം പരിചരണവും കൌൺസിലിംഗും പരിചയസമ്പന്നരുടെ നേതൃത്വത്തിൽ നൽകിയാൽ മാത്രമേ അവരെ സാധാരണ ജീവിതത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ അവരുടെ മാനസികാഘാതം ലഘൂകരിച്ച് സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിനും താമസക്കാർക്ക് ശിശുസൌഹൃദമായ അന്തരീക്ഷത്തിൽ ചികിത്സ ആരംഭിച്ച് പ്രത്യേക പരിചരണവും കൌൺസിലിംഗും നൽകി പുനരധിവസിപ്പിക്കുന്നതിനും അവരുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി വിമൻ ആന്റ് ചിൽഡ്രൻ ഹോം (ഹോം ഫോർ മെന്റൽ ഹെൽത്ത്) തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിച്ചുവരുന്നു. ചികിത്സ പൂർത്തിയാകുന്ന മുറയ്ക്ക് ഇവരെ സാധാരണ ഹോമിലേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത ഹോം പ്രത്യാശ ഇന്റഗ്രേറ്റഡ് സോഷ്യൽ ആക്ഷൻ എന്ന സംഘടനയുടെ ചുമതലയിൽ പ്രവർത്തിക്കുന്നു.

**61. മോഡൽ ഹോം, തൃശ്ശൂർ**

നിലവിലെ ഹോമുകളിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിലേക്ക് തൃശ്ശൂർ രാമവർമ്മപുരത്ത് ഒരു മോഡൽഹോം ആരംഭിക്കുന്നതിലേക്കുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**62. വൺസ്റ്റോപ്പ് സെന്റർ**

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൌൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന വനിതശിശുവികസന

വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒ.എസ്.സി. പ്രവർത്തിച്ചുവരുന്നു.

ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്. ഒരു വനിത സെന്റർ അഡ്മിനിസ്ട്രേറ്റർ സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൌൺസിലർ, ഡോക്ടർ, പോലീസ്, വക്കീൽ, വനിത സംരക്ഷണ ഓഫീസർ എന്നിവരുടെ സേവനവും സെന്ററിൽ ലഭ്യമാകുന്നു.

ജാതിമത വർഗ്ഗ-വർണ പ്രായഭേദമന്യേ സ്ത്രീകൾ സ്വകാര്യ-പൊതുയിടങ്ങളിൽ നേരിടുന്ന ശാരീരിക മാനസിക-വൈകാരിക-ലൈംഗീക അതിക്രമങ്ങൾ പരിഹരിക്കുന്നതിന് ആവ്യശ്യമായ ഇടപെടലുകൾ നടത്തുകയും സേവനങ്ങൾ ഏകീകൃതമായി നൽകുകയും ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

**സേവനങ്ങൾ**

a) പ്രശ്നത്തിൽ അടിയന്തിര ഇടപെടൽ സഹായം.

b) കൗൺസിലിംഗ്

c) വൈദ്യസഹായം

d) എഫ്.ഐ.ആർ, എൻ.സി.ആർ,ഡി.ഐ.ആർ ഫയൽ ചെയ്യുവാൻ പോലീസ്, വനിത സംരക്ഷണ ഓഫീസർ മുതലയാവരുടെ സേവനം

e) നിയമസഹായം

f) സുരക്ഷിത അഭയം

g) വീഡിയോ കോൺഫറൻസിംഗ് സംവിധാനം

h) റഫറൽ സർവ്വീസ്

**63. ആശ്വാസനിധി (സർക്കാർ ഉത്തരവ് സാധാ നം. 701/2018-സാനീവ തീയതി 10.12.18)**

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി.

**ഗുണഭോക്താക്കൾ**

1. ലൈംഗീകാതിക്രമം അതിജീവിച്ചവർ
2. ആസിഡ് ആക്രമണം അതിജീവിച്ച സ്ത്രീകളും കുട്ടികളും
3. ഗാർഹിക പീഡനത്തിന് വിധേയരായർ

4. ഹീനമായ ലിംഗവിവേചനം അതിജീവിച്ചവർ

ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയോ സ്വമേധയാ വെളിപ്പെടുകയോ ചെയ്താൽ വനിതശിശുവികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായി കുട്ടികളുടെ പരാതിയിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസറും സ്ത്രീകളുടെ പരാതിയിൽ വനിത സംരക്ഷണ ഓഫീസറും പരാതി നിർഭയ സെല്ലിന്റെ സംസ്ഥാന കോർഡിനേറ്ററുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

ഇതോടൊപ്പം നിർഭയസെൽ വഴി സ്ത്രീശാക്തീകരണത്തിനും സ്ത്രീ സുരക്ഷിതത്വത്തിനും വേണ്ടിയുള്ള ബോധവത്ക്കരണ പരിപാടികൾ, പരിശീലനങ്ങൾ എന്നിവ നടന്നുവരുന്നു.

വനിതകൾ, കൗമാരപ്രായക്കാർ, ശിശുക്കൾ എന്നിവരിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി "സമ്പുഷ്ട കേരളം പദ്ധതി" സംസ്ഥാനത്തു പ്രവർത്തനം നടന്നുവരുകയാണ്. വിവിധ വകുപ്പുകളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത് അങ്കണവാടികളിലൂടെയാണ്. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ന്യൂട്രിഷൻ മിഷൻ അഥവാ 'പോഷൻ അഭിയാൻ' പദ്ധതിയാണ്, കേരളത്തിൽ സമ്പുഷ്ട കേരളം എന്ന പേരിൽ നടപ്പിലാക്കുന്നത്. മികച്ച പോഷണത്തിന് ശ്രദ്ധിക്കേണ്ട അഞ്ചു പ്രവർത്തനങ്ങളായ ആദ്യത്തെ ആയിരം ദിവസങ്ങളുടെ പ്രാധാന്യം, പോഷകാഹാരം, വിളർച്ച തടയൽ, വയറിളക്ക നിയന്ത്രണം, ശുചിത്വവും ശുചിത്വ ശീലങ്ങളും എന്നിവയുടെ പ്രാധാന്യത്തെകുറിച്ചുള്ള ചർച്ചകളും, പ്രദർശനങ്ങളും, സെമിനാറുകളും സംസ്ഥാനവ്യാപകമായി നടത്തിവരുന്നു.

**<u>നാഷണൽ ന്യൂട്രിഷൻ മിഷന്റെ വിവിധ പ്രവർത്തനങ്ങൾ</u>**

**<u>64.ന്യൂട്രിഡാൻഗ്ലറുകൾ</u>**

കേരളത്തിലെ അങ്കണവാടികളിൽ പ്രദര്ശിപ്പിക്കുന്നതിനു പോഷകസമൃദ്ധമായ പഴങ്ങളുടെയും, പച്ചക്കറികളുടെയും രൂപങ്ങൾ ആലേഖനം ചെയ്ത ഡാൻഗ്ലറുകൾ വിതരണം ചെയ്യുകയാണ്. ഈ ഡാൻഗ്ലറുകളിലൂടെ അതാതു പഴങ്ങളുടെയും പച്ചക്കറികളുടെയും പോഷകമൂല്യവും, അവ ഭക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടവും അങ്കണവാടികളിലൂടെ പൊതുജനങ്ങളെ ബോധവത്കരിക്കും. പോഷകസമൃദ്ധമായ പഴങ്ങളും പച്ചക്കറികളും കഴിക്കേണ്ട ആവശ്യകതയെപ്പറ്റിയുള്ള ചിന്ത കുഞ്ഞു നാൾ മുതൽ കുട്ടികളുടെ മനസ്സിലും ഉറപ്പാക്കുവാൻ സാധിക്കും.

<u>**65.**ന്യൂസ്‌ലെറ്റർ</u>

വനിത ശിശുവികസന വകുപ്പിന്റെ പദ്ധതികളും, നടത്തുന്ന വിവിധ പ്രവർത്തനങ്ങളും അങ്കണവാടികളിലൂടെയും പഞ്ചായത്തുകളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി ഒരു ത്രൈമാസിക തയ്യാറാക്കിയിട്ടുണ്ട്.

**66. <u>പോഷണ കലവറ</u> :** 17675 അങ്കണവാടി കേന്ദ്രങ്ങളിൽ പോഷണ കലവറ (Nutri garden) കാർഷിക സർവകലാശാലയുടെ കമ്മ്യൂണിറ്റി സയൻസ് വിഭാഗവുമായി ചേർന്ന് ഒരുക്കുന്നു.

**67. <u>പഴക്കൂട</u> :** സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി സർക്കാർ ഹോമുകളിലെ കുട്ടികളുടെ പോഷണ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഒരു ദിവസം ഒരു ഫലം നൽകുന്ന പദ്ധതി.

**68. <u>ഇ ന്യൂട്രിഷൻ കൗൺസിലിംഗ്</u>** : ഇന്ത്യൻ ഡയറ്റെറ്റിക് അസോസിയേഷനുമായി സഹകരിച്ചുകൊണ്ടു എല്ലാ ജില്ലകളിലെയും അങ്കണവാടിയിലെ ഗുണഭോക്താക്കളുടെ രക്ഷകർത്താക്കൾക്കു ന്യൂട്രിഷനിസ്റ്റുമായി ടെലി കൺസൾട്ടേഷൻ

**69. <u>ടെലി കൺസൾട്ടേഷൻ</u>** : IAP, IMA, ആരോഗ്യ വകുപ്പ് എന്നിവരുമായി സഹകരിച്ചുകൊണ്ടു എല്ലാ ജില്ലകളിലെയും അങ്കണവാടിയിലെ ഗുണഭോക്താക്കളുടെ രക്ഷകർത്താക്കൾക്കു ഡോക്ടർമാരുമായി ടെലി കൺസൾട്ടേഷൻ

**70. <u>അനിമേഷൻ വീഡിയോ</u>:** ആദ്യത്തെ ആയിരം ദിവസങ്ങളുടെ പ്രാധാന്യം.

**71. <u>ബോധവത്കരണ കാമ്പയിൻ</u>**: പഴങ്ങളുടെയും പച്ചക്കറിയുടെയും ഗുണങ്ങൾ മനസിലാക്കാം.

**സംസ്ഥാനതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**<u>72. സർക്കാർ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ പോഷണനിലവാര വിലയിരുത്തൽ</u>**

ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സുമായി സഹകരിച്ചുകൊണ്ടു സർക്കാർ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ പോഷണനിലവാരം വിലയിരുത്തുന്ന പ്രക്രിയ ഈ മാസം നടത്തുന്നതായിരിക്കും. IAP യുടെ ജില്ലാ ഘടകങ്ങളായിരിക്കും ഈ പ്രവർത്തനം നിർവഹിക്കുന്നത്.

**<u>73. വെബ്ബിനാർ പരമ്പര</u>**

പോഷകാഹാരത്തിന്റെ പ്രാധാന്യത്തെകുറിച്ചുള്ള വ്യത്യസ്തമായ വിഷയങ്ങൾ ഉൾക്കൊള്ളിച്ച വെബ്ബിനാർ പരമ്പര കേന്ദ്ര മന്ത്രാലയവും സംസ്ഥാന വനിതാ ശിശുവികസന വകുപ്പും നടപ്പിലാക്കുന്നു. യു ട്യൂബ് ചാനൽ വഴിയാണ് വെബ്ബിനാർ പ്രക്ഷേപണം ചെയ്യുന്നത്.

**<u>74. ടെലി കൺസൾട്ടേഷൻ</u>**

IAP, IMA, ആരോഗ്യ വകുപ്പ് എന്നിവരുമായി സഹകരിച്ചുകൊണ്ടു എല്ലാ ജില്ലകളിലെയും അങ്കണവാടിയിലെ ഗുണഭോക്താക്കളുടെ രക്ഷകർത്താക്കൾക്കു ഡോക്ടർമാരുമായി ടെലി

കൺസൽട്ടേഷൻ / സംശയനിവാരണം നടത്തുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. IAP/IMA വഴി ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത പക്ഷം അതാതു പ്രദേശത്തെ PHC/CHC ഡോക്ടർമാരുടെ സഹായത്തോടെ ടെലി കൺസൽട്ടേഷൻ നടത്തുവാൻ സൂപ്പർവൈസർമാർ നടപടി സ്വീകരിക്കും. ശിശുരോഗ വിദഗ്ധരുടെ സൗകര്യാർത്ഥം കോൾ കോൺഫെറൻസ് വഴിയാണ് സംശയനിവാരണം നടത്തുന്നത്.

## 75. ന്യൂട്രീഷൻ കൗൺസിലിംഗ്

ഇന്ത്യൻ ഡയറ്ററ്റിക്സ് അസോസിയേഷനുമായി (IDA) സഹകരിച്ചുകൊണ്ടു എല്ലാ ജില്ലകളിലും ലഭ്യമായ ഡയറ്റീഷൻസ്/ ന്യൂട്രിഷണിസ്റ്റ് എന്നിവരുടെ പട്ടിക ജില്ലാ പ്രോഗ്രാം ഓഫീസർമാർ വഴി സൂപ്പർവൈസർമാർക്കു ലഭ്യമാക്കിയിട്ടുണ്ട്. ഡയറ്റീഷൻസ്/ ന്യൂട്രിഷണിസ്റ്റ് എന്നിവരെ ബന്ധപെടുന്നതിനുള്ള നമ്പറുകൾ അങ്കണവാടി വർക്കർമാർക്ക് നൽകുകയും അത് ഗുണഭോക്താക്കൾക്ക് കോൾ കോൺഫെറൻസ് വഴി പോഷകാഹാര സംബന്ധമായ സംശയനിവാരണം നടത്തുന്നതിന് വിനിയോഗിക്കുന്നതുമാണ്.

## 76. ന്യൂട്രി ഗാർഡൻ – "പോഷണ കലവറ"

അങ്കണവാടികളിൽ ന്യൂട്രി ഗാർഡനുകൾ ഒരുക്കുന്നതിന്റെ ഭാഗമായി വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കാർഷിക സർവകലാശാലയുടെ കമ്മ്യൂണിറ്റി സയൻസ് വിഭാഗവുമായി സഹകരിച്ചു മുൻ നിശ്ചയിച്ച പട്ടിക അനുസരിച്ചുള്ള അങ്കണവാടികളിൽ ന്യൂട്രി ഗാർഡൻ ഒരുക്കുന്നു. 'പോഷണ കലവറ' എന്നാണ് ഈ പദ്ധതിക്ക് നാമം നൽകിയിരിക്കുന്നത്. പോഷൻ മാസാചരണത്തോടനുബന്ധിച്ചു കേന്ദ്ര മന്ത്രാലയവും ന്യൂട്രീഷൻ ഗാർഡനുകൾ തയ്യാറാക്കണമെന്നു നിർദേശവും നൽകിയിട്ടുണ്ട്. ടി പ്രവർത്തനത്തിനു അമ്പതു ലക്ഷം രൂപയാണ് കാർഷിക സർവകലാശാലയ്ക്കു വകയിരുത്തിയിരിക്കുകയാണ്. 17685 അങ്കണവാടി കേന്ദ്രങ്ങളിൽ പോഷണ കലവറ ഒരുക്കും.

## 77. അയൽക്കൂട്ട യോഗങ്ങൾ

അയൽക്കൂട്ട യോഗങ്ങൾ നടക്കുന്ന സന്ദർഭങ്ങളിൽ അങ്കണവാടി വർക്കർ പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതാതു വാർഡുകളിലെ ജനങ്ങളുടെ പോഷകാഹാരത്തിന്റെ നിലവാരത്തെക്കുറിച്ചും സംസാരിക്കും. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു അയൽക്കൂട്ട യോഗങ്ങൾ നടത്താൻ കഴിയുന്ന പക്ഷം നടത്തുകയും അല്ലാത്തപക്ഷം ഓൺലൈൻ വഴി ആയിരിക്കും ഈ പ്രവർത്തനം നടത്തുന്നത്.

**78. ഡിജിറ്റൽ പോഷൻ പഞ്ചായത്ത്**

കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഡിജിറ്റൽ പോഷൻ പഞ്ചായത്ത് എന്ന പ്രവർത്തനം നിർവഹിക്കേണ്ടതാണ്. സൗകര്യപ്രദമായ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പ്രവർത്തനം നടത്തുന്നത്. സൂപ്പർവൈസർമാർ പഞ്ചായത്തിലെ കുട്ടികളുടെ നിലവിലെ പോഷകനിലവാരം മനസ്സിലാക്കിയശേഷം ഡിജിറ്റൽ പോഷൻ പഞ്ചായത്ത് നടക്കുന്ന അവസരത്തിൽ പങ്കെടുക്കുന്നവരോട് വിശദീകരിക്കും. പ്രദേശത്തെ നിലവിലെ പോഷക നിലവാരത്തെ കുറിച്ച് പങ്കെടുക്കുന്നവർക്ക് മതിയായ ധാരണ ലഭ്യമാക്കുകയും തുടർന്ന് പോഷക നിലവാരം വർധിപ്പിക്കുന്നതിനുവേണ്ടി സാധ്യമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും കർമ്മ പദ്ധതി തയ്യാറാക്കി പ്രാവർത്തികമാക്കുകയും ചെയ്യും.

**79. പോഷണ മത്സരങ്ങൾ**

സ്ത്രീകൾക്കും, പുരുഷന്മാർക്കും, കൗമാരക്കാർക്കും, കുട്ടികൾക്കും വിവിധ മത്സരങ്ങൾ അങ്കണവാടി തലത്തിലും പഞ്ചായത്തു തലത്തിലും നടത്തും. പാചക മത്സരങ്ങൾ /ചിത്ര രചന/ പോസ്റ്റർ തയാറാക്കൽ തുടങ്ങി വ്യത്യസ്തമാർന്ന മത്സരങ്ങൾ ഓൺലൈൻ വഴി നടത്തി പൊതുജന പങ്കാളിത്തം പോഷണ ബോധവത്കരണത്തിനായി ഉറപ്പുവരുത്തും. (ഉദാഹരണമായി പഴങ്ങളിലും പച്ചക്കറികളിലും ലഭ്യമായിട്ടുള്ള വൈറ്റമിനുകളെയും ധാധുക്കളെയും കണ്ടെത്തുന്ന ഓൺലൈൻ മത്സരങ്ങൾ, അങ്കണവാടി പരിസരത്തും വീടുകളിലും ലഭിക്കുന്ന പോഷക സമ്പുഷ്ടമായ ഭക്ഷണ പദാർത്ഥങ്ങളെ പങ്കുവയ്ക്കൽ, പോഷക പാചക രീതികൾ പങ്കുവയ്ക്കൽ, നാട്ടറിവ് ശേഖരണവും പങ്കുവയ്ക്കൽ, കോവിഡ് സാഹചര്യത്തിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ബഡ്ജറ്റ് മെനു ചലഞ്ച് (ഓരോ വ്യക്തിയുടെയും സാമ്പത്തിക ചുറ്റുപാടനുസരിച്ചു പോഷക നിലവാരമുള്ള മെനു തയ്യാറാക്കൽ) എന്നിവ.

**80. വഴിയോരത്തൊരു പോഷണകലവറ**

അങ്കണവാടിയിലെ കൗമാരക്ലബ്ബിലെ അംഗങ്ങളെ ഉപയോഗിച്ചാണ് ഈ പ്രവർത്തനം നിർവഹിക്കുന്നത്. കൗമാരക്കാർ അവരവരുടെ ഭവനങ്ങളിൽ ലഭ്യമായ ഫലവൃക്ഷങ്ങളുടെ തൈകൾ (മാവ്/പ്ലാവ്/പേരയ്ക്ക/ചാമ്പയ്ക്ക/നെല്ലിക്ക/ മുരിങ്ങയ്ക്ക തുടങ്ങി ലഭ്യമായവ) തയാറാക്കി വയ്ക്കുകയും സെപ്റ്റംബർ മാസം 30-തീയതി അവരവരുടെ ഭവനങ്ങളുടെ പുറത്തെ വഴിയോരങ്ങളിൽ നട്ടുപിടിപ്പിക്കും. നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനവും ( സംരക്ഷണ വേലി / വെള്ളം നനയ്ക്കൽ)

എന്നിവ കൗമാരക്ലബ്ബ് അംഗത്തിന്റെ ഉത്തരവാദിത്തമായിരിക്കും. ഇതിനു വേണ്ട തയ്യാറെടുപ്പുകൾ കൗമാര ക്ലബ്ബിലെ അംഗങ്ങൾ മുൻകൂറായി ചെയ്യുന്നതായിരിക്കും.

## 81. ബോധവത്കരണ സന്ദേശങ്ങൾ

പോഷണമാസാചരണത്തോടനുബന്ധിച്ച വിവിധ ബോധവത്കരണ സന്ദേശങ്ങൾ (ഓഡിയോ/വീഡിയോ/പത്ര വാർത്തകൾ/ ലേഖനങ്ങൾ/ പോസ്റ്ററുകൾ) എന്നിവ പോഷണ വാണി വഴി ലഭ്യമാക്കും. ഈ സന്ദേശങ്ങൾ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളിലേക്കു എത്തിച്ചുനൽകുകയും ചെയ്യും.

**82.** "നിറവ്" ലാക്റ്റേഷൻ കുക്കികൾ

മുലയൂട്ടൽ വാരാചരണത്തോടനുബന്ധിച്ച മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ടി വനിതാ ശിശുവികസന വകുപ്പും ഹരിയാന ആസ്ഥാനമായ NIFTEM ഉം സംയുക്തമായി ലാക്ടേഷൻ കുക്കികൾ തയ്യാറാക്കിയിരിക്കുകയാണ്. മുലപ്പാൽ വർധിപ്പിക്കുന്നതിനും കുഞ്ഞുങ്ങൾക്ക് ആറുമാസക്കാലം മുലപ്പാൽ മാത്രം നൽകുന്നത് ഉറപ്പാക്കുന്നതിനും വേണ്ടിയാണു ഈ കുക്കികൾ തയ്യാറാക്കിയിരിക്കുന്നത്

**83.** ന്യൂട്രിഷൻ ക്ലിനിക്

സ്ത്രീകളുടെയും കൗമാരക്കാരുടെയും കുട്ടികളുടെയും പോഷണ നിലവാരം വർധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് സമ്പുഷ്ട കേരളം. പോഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഒട്ടനവധി പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം നടക്കുന്നത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനമാണ് ന്യൂട്രിഷൻ ക്ലിനിക്കുകൾ. വ്യക്തികളുടെ പോഷകാഹാര ആവശ്യങ്ങൾ വിലയിരുത്തുന്നതിനും നിറവേറ്റുന്നതിനും സഹായിക്കുക, പോഷകാഹാര കൗൺസലിങ് നൽകുക, പോഷകാഹാരം വികസിപ്പിക്കുക, ഗുണഭോക്താക്കളുടെ ദൈനംദിന ജീവിതത്തെ ഉചിതമായ നിലവാരത്തിലെത്തിക്കാനാവശ്യമായ മാറ്റങ്ങൾ വരുത്തുക തുടങ്ങിയവയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്

**84.** സാമൂഹികാധിഷ്ഠിത പരിപാടി

വകുപ്പ് മുഖേന കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറുവയസ്സിനു താഴെ ഉള്ള കുട്ടികൾ എന്നിവരിലെ ന്യൂനപോഷണം തടയുന്നതിനായി രൂപീകരിച്ച പോഷൻ അഭിയാൻ (സമ്പുഷ്ട കേരളം) പദ്ധതിയുടെ ഘടകങ്ങളിൽ ഒന്നായ സാമൂഹികാധിഷ്ഠിത

പരിപാടി അങ്കണവാടികൾ വഴി നടപ്പിലാക്കുന്നു. പ്രസ്തുത പരിപാടി പ്രധാനമായും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഇവരുടെ കുടുംബാംഗങ്ങൾ, കുട്ടികൾ, കൗമാരക്കാർ എന്നിവരുടെ ആരോഗ്യ പോഷണ ബോധവൽക്കരണവും സ്വഭാവ പരിവർത്തനവും ആണ് ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളും ജനപ്രതിനിധിയും സേവനദാതാക്കളും തമ്മിലുള്ള ഇടപെടലുകൾക്ക് ഇത് വേദി ഒരുക്കുന്നു. "കുടുംബങ്ങളിലേക്ക് അങ്കണവാടി" എന്ന പേരിൽ ഫോണിലൂടെ അറിയിപ്പുകൾ, സംശയനിവാരണം, വിവരശേഖരണം, പരാമർശ സേവനങ്ങൾ എന്നിവ നൽകിക്കൊണ്ടിരിക്കുന്ന പ്രവർത്തനവും വയോജനങ്ങളുടെ ക്ഷേമാന്വേഷണവും വിവരശേഖരണവും കോവിഡ്- ഉടക്കകാലത്തു നടത്തിയത് സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്.

**85.** <u>സ്മാർട്ട് ഫോണുകളുടെയും വളർച്ച നിരീക്ഷണ ഉപകരണങ്ങളുടെയും സംഭരണം</u>

ജില്ലകളിലെയും അങ്കണവാടി ടീച്ചർമാർക്ക് സ്മാർട്ഫോൺ വിതരണം നടത്തി. മൊബൈൽ അപ്ലിക്കേഷൻ വഴി ഉപഭോക്താക്കളുടെ വിവര ശേഖരണം നടത്തി. ഇപ്പോൾ ഐ സി ഡി സ് CAS മൊബൈൽ അപ്ലിക്കേഷൻ ഒഴിവാക്കി പകരം പോഷൻ ട്രാക്കർ നിലവിൽ ഉപയോഗിച്ചു വിവര ശേഖരണം നടത്തുന്നു . കൂടാതെ വളർച്ച നിരീക്ഷണത്തിനായി അങ്കണവാടി തലത്തിൽ ഇൻഫെന്റോ മീറ്റർ , സ്റ്റേഡിയോ മീറ്റർ , ഡിജിറ്റൽ വെയിങ് സ്കെയിൽ , മദർ ആൻഡ് ചൈൽഡ് വെയിങ് സ്കെയിൽ എന്നിവ വിതരണം നടത്തിയിട്ടുണ്ട്

**86.** <u>ഡേറ്റ പ്ലാൻ</u>

സ്മാർട്ട് ഫോണുകളുടെ സുഗമമായ പ്രവർത്തനത്തിന് അങ്കണവാടി വർക്കർമാർക്കും, ICDS സൂപ്പർവൈസർമാർക്കും ബ്ലോക്ക് കോർഡിനേറ്റർമാർക്കും ഡേറ്റ പ്ലാൻ നൽകി വരുന്നു.

കേന്ദ്ര ആവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY) പദ്ധതി 2017 മുതൽ സംസ്ഥാനത്തു വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വതിൽ അംബ്രല്ല സ്കീമായ ICDS വഴി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് അവരുടെ ആദ്യ പ്രസവത്തിനു മൂന്ന് ഗഡുക്കളായി 5000 രൂപ ധന സഹായം നൽകിവരുന്നു. പദ്ധതി ആരംഭം മുതൽ നാളിതുവരെ സംസ്ഥാനത്തുനിന്നും ആകെ 6,75,129 ഗുണഭോക്താക്കൾക്കായി 267,85,29,000 രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തോത്തോടുകൂടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉത്തമ താൽപര്യവും ലക്ഷ്യമാക്കി വിവധ സംവിധാനങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചുകൊണ്ട് കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS). ഈ പദ്ധതി 2009-10 കാലഘട്ടത്തിലാണ് ആരംഭിച്ചതെങ്കിലും 2013-14 മുതൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയ്ക്കായി നിയമവും ഗൈഡ് ലൈനും നിഷ്കർഷിക്കുന്ന വിവിധ സംവിധാനങ്ങൾ രൂപീകരിക്കുകയും ടി സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ആയത് പ്രകാരമുള്ള പദ്ധതികളുടേയും പ്രവർത്തനങ്ങളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>**

- 18 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടേയും സുരക്ഷിതത്വവും അവകാശ സംരക്ഷണവും ഉറപ്പ് വരുത്തി ഭാവിയിൽ നല്ല പൗരന്മാരായി വളരുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

- കുട്ടികൾക്ക് എതിരെ വർദ്ധിച്ചുവരുന്ന ശാരീരിക-മാനസിക-സാമൂഹികലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളുടെ അവകാശങ്ങളിൻമേലുള്ള മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഉറച്ച പ്രതിരോധ സംവിധാനം രൂപീകരിക്കുക.

- 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ പെട്ടെന്ന് തൊട്ടടുത്തായി എത്തിപ്പെടാൻ കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള സർക്കാർ സേവനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

- കുട്ടികളുടെ സംരക്ഷണത്തിനായുള്ള മുഴുവൻ നിയമങ്ങളേയും പദ്ധതികളേയും കൂട്ടിയിണക്കി ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുകയും ഇതിനായി വിവിധ സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്ത് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക.

ഐസിപിഎസ്.ൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു

1. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (എസ്.സി.പി.എസ്)

ഐസിപിഎസിന്റെ ആസ്ഥാന ഘടകമായ ഐസിപിഎസ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത്) രജിസ്റ്റർ നം.T2043/11 തീയതി : 16.12.20211). തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിയ്ക്കുന്നു. ഐസിപിഎസ് മാർഗ്ഗരേഖ പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഐസിപിഎസിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

- കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിയമങ്ങൾ നടപ്പിലാക്കൽ
- സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ഐസിപിഎസ് ആണ്.
- കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി, ദേശീയ-സംസ്ഥാന തല ബാലാവകാശ കമ്മീഷനുകൾ എന്നിവയുടെ സഹകരണം ഉറപ്പാക്കി സംസ്ഥാനത്ത് ശിശു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഐസിപിഎസിന്റെ വിവിധ ഘടകങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് വിതരണം ചെയ്യുക.
- വിവിധ ഘടകങ്ങളുടെ പ്രവർത്തന അവലോകനം നടത്തുക
- ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട നൂതന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക.

ഐസിപിഎസിന്റെ ഭരണ നിർവഹണത്തിനായി ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഗവേണിംഗ് ബോഡിയുടെ ചെയർപേഴ്സൺ വകുപ്പ് മന്ത്രിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേത് വകുപ്പ് സെക്രട്ടറിയുമാണ്.

2. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)

സംസ്ഥാനത്ത് ദത്തെടുക്കൽ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും. നിയന്ത്രിക്കുന്നതിനും വേണ്ടി 2015 ലെ ബാലനീതി നിയമം സെക്ഷൻ 67 പ്രകാരം സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ നിയന്ത്രണത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന പതിനേഴ് ദത്തെടുക്കൽ കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നു. SARA യിൽ ഒരു പ്രോഗ്രാം മാനേജർ, ഒരു പ്രോഗ്രാം ഓഫീസർ, ഒരു പ്രോഗ്രാം അസിസ്റ്റന്റ്, ഒരു കൗൺസിലർ എന്നിവർ സേവനമനുഷ്ഠിയ്ക്കുന്നു.

3 ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ (DCPU)

ഐസിപിഎസ് പദ്ധതി വിഭാവനം ചെയ്യുന്ന ശിശു സംരക്ഷണ പരിപാടികൾ ജില്ലാ തലത്തിൽ ഏകോപിപ്പിയ്ക്കുന്നതും ഫലപ്രദമായി നടപ്പിലാക്കുന്നതും ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളാണ്. കുട്ടികളുടെ അവകാശ സംരക്ഷണവും സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ജില്ലാ തലത്തിൽ സമീപിക്കേണ്ടത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളാണ്.

4. ചൈൽഡ് വെൽഫയർ കമ്മിറ്റി ( CWC)

ജെ.ജെ ആക്ട് നിഷ്കർഷിക്കുന്നതും പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ചൈൽഡ് വെൽയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കുന്നത് ഈ കമ്മറ്റിയാണ്. ഒരു ചെയർമാനും 4 മെമ്പർമാരും ഉൾപ്പെടുത്തുന്നതാണ് ചൈൽഡ് വെൽഫയർ കമ്മിറ്റികൾ.

5. ജുവനൈൽ ജസ്റ്റീസ് ബോർഡ് ( JJB)

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലും ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. (ജെ.ജെ ആക്ട് വകുപ്പ് 4) ഓരോ ജുവനൈൽ ജസ്റ്റിസ് ബോർഡിലും ഒരു പ്രൻസിപ്പൽ മജിസ്ട്രേറ്റു (ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റും ( ജുഡീഷ്യൽ ഫസ്റ്റക്ലാസ് മജിസ്ട്രേറ്റും) രണ്ട് സോഷ്യൽ വർക്കർ മെമ്പർമാരുമാണ് ഉള്ളത്.

6. സ്ഥാപനേതര സംരക്ഷണ പദ്ധതികൾ

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായിചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

7. ദത്തടുക്കൽ

ജന്മം നൽകിയ മാതാപിതക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപ്പെടുത്തുകയും ഏറ്റടുക്കുന്ന മാതാപിതാക്കളിൽ നിന്നും നിയമപരമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കുഞ്ഞിന് ലഭ്യമാകുന്നതുമായ നടപടിയാണ് ദത്തെടുക്കൽ.

## 8. സ്പോൺസർഷിപ്പ്

സാമ്പത്തിക പരാധിനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി പ്രകതിമാസം 2000/- രൂപ വീതം നൽകുന്ന പദ്ധതി.

## 9. ഫോസ്റ്റർ കെയർ

കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റ ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് അവരെ സ്വീകരിക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റ കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിക്കാൻ അവസരമൊരുക്കി കൊടുക്കുകയാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ഉദ്ദേശ്യം.

എ) ഗ്രൂപ്പ് ഫോസ്റ്റർ കെയർ

ബി) കിൻഷിപ്പ് ഫോസ്റ്റർ കെയർ

## 10. ഗ്രൂപ്പ് ഫോസ്റ്റ് കെയർ

സംസ്ഥാനത്ത് ബാലനിതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യം വച്ചുകൊണ്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ്. ഗ്രൂപ്പ് ഫോസ്റ്റൽ കെയർ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ വിവിധ ജില്ലയിലെ 72 കുട്ടികൾക്ക് ഈ പദ്ധതി മുഖാന്തിരം 2000/- രൂപ പ്രതിമാസം നൽകി ഒരു വർഷത്തേയ്ക്ക് 17,28,000/- രൂപ അനുവദിക്കുന്നതിന് ഐ.സി.ഡി.എസ് ന്റെ 10.01..2020 ൽ നടന്ന എക്സ്യക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകളിൽ പ്രചരണം നടത്തുകയും ഫോസ്റ്റർ കെയറിനായി അനുയോജ്യമായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തു. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതിയ്ക്ക് അനുയോജ്യരായ കുട്ടികളെ കണ്ടെത്തുന്നതിന് എല്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖേനയും നടപടി സ്വീകരിച്ചു.

## 11. കിൻഷിപ്പ് ഫോസ്റ്റർ കെയർ

സംസ്ഥാനത്ത് ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നതോ, മാതാപിതാക്കൾക്ക് പരിചരിക്കാൻ കഴിയാത്തതോ ആയ കുട്ടികളെ പരിചരിക്കാൻ കഴിയുന്ന സാമൂഹ്യസാഹചര്യമുള്ള ബന്ധുകുടുംബങ്ങളിലേയ്ക്ക് മതിയായ സാമ്പത്തിക സഹായം നൽകി ചുരുങ്ങിയ കാലത്തേയ്ക്ക് പുനരധിവസിപ്പിക്കുക എന്നതാണ് കിൻഷിപ്പ് ഫോസ്റ്റർകെയർ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കിൻഷിപ്പ് ഫോസ്റ്റർകെയർ പദ്ധതിയ്ക്ക് ഒരു ജില്ലയിൽ 25 കുട്ടിയ്ക്ക് 2000/- രൂപ നിരക്കിൽ ആകെ 84,00,000/- രൂപ എൺപത്തിനാല് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നു. ആയത് പ്രകാരം ജില്ലകളിൽ നിന്ന്62 കുട്ടികളെ കണ്ടെത്തുകയും ടി കുട്ടികളെ കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതി പ്രകാരം പുനരധിവസിപ്പിക്കുകയും ചെയ്തു.

12. ഐ സി പി എസ് ധനസഹായത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന ചൈൽഡ് കെയർ സ്ഥാപനം

ക്വയ് ലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന അഞ്ജനം ചിൽഡ്രൻസ് ഹോമിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 25 പെൺകുട്ടികളെ പുനഃരധിവസിപ്പിച്ച വരുന്നു.

13. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SAA)

25 വയസ്സിനു താഴെ പ്രായമുള്ളതും, ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും, ദത്തെടുക്കലിന് വിധേയരാകേണ്ടതുമായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളാണ് SAA. സംസ്ഥാനത്ത് നിലവിൽ 14 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നു.

14. തുറന്ന അഭയ ഭവനങ്ങൾ (OPEN SHELTERS)

തെരുവ് കുട്ടികളുടേ പുനരധിവാസം ഉറപ്പാക്കുന്നതിനായുള്ള 4 തുറന്ന അഭയ ഭവനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്നു. ലിസ്റ്റ് ചുവടെ ചേർക്കുന്നു:

- ഡോൺ ബോസ്കോ സൊസൈറ്റി, തിരുവനന്തപുരം
- ഫ്രീ ബേർഡ്സ്, കോഴിക്കോട് (ബോയ്സ്)
- ഡ്രീംസ്, കണ്ണൂർ
- ഫ്രീ ബേർഡ്സ്, കോഴിക്കോട് (ഗേൾസ്)

**ഐ സി പി എസ് മുഖേന കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ**

**15. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ. (ഓ ആർ സി)**

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക വെല്ലുവിളികൾ സ്കൂൾതലത്തിൽ അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നൂതന പദ്ധതി. നിലവിൽ 304 സ്കൂളുകളിൽ പ്രവർത്തിച്ച വരുന്നു.

16. **<u>കാവൽ പദ്ധതി</u>**

സംസ്ഥാനത്തെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബാംഗ്ലൂർ NIMHANS മായി ചേർന്ന് തെരെഞ്ഞെടുക്കപ്പെട്ട എൻ ജി ഒ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ. ടി പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

**<u>17. സനാഥബാല്യം (പോറ്റി വളർത്തൽ)</u>**

പല സാഹചര്യങ്ങളാൽ മാതാപിതാക്കൾക്ക് കൂടെ നിർത്തി സംരക്ഷിക്കുവാൻ കഴിയാത്തതും, ചിൽഡ്രൻസ് ഹോമിലെ താമസക്കാരുമായി കുട്ടികൾക്ക് അവധിക്കാലത്ത് വീടനുഭവം നൽകാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് അവധിക്കാല പോറ്റി വളർത്തൽ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>18. ഉജ്ജ്വല ബാല്യം</u>**

കലാ-കായിക-ശാസ്ത്ര -സംസ്കാരിക-സാമൂഹ്യ-സാഹിത്യ രംഗങ്ങളിൽ അസാധാരണ മികവ് കാണിക്കുന്ന കുട്ടികൾക്ക് നൽകുന്ന പുരസ്കാരം നൽകുന്ന പദ്ധതിയെ ഒരു ജില്ലയിൽ നിന്നും ഒരു കുട്ടിക്ക 25,0000/- രൂപയും പ്രശസ്തി പത്രവും ട്രോഫിയും നൽകുന്നു.

കേന്ദ്രസർക്കാരിന്റെ National Child for exceptional Achievement Award വാങ്ങുന്ന സംസ്ഥാനത്തെ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. ഗോൾഡ് മെഡൽ നേടുന്ന കുട്ടികൾക്ക് 7500/- രൂപ വീതവും സിൽ വർ മെഡൽ നേടുന്ന കുട്ടികൾക്ക് 5000/- രൂപ വീതവും നൽകുന്നു.

**<u>19. വിജ്ഞാന ദീപ്തി</u>**

ഈ പദ്ധതിയിലൂടെ സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന കുടുംബത്തിലെ രണ്ട് കുട്ടികൾ വരെ പ്രതിമാസം 2000/- രൂപ വീതം തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്പോൺസർഷിപ്പ് പദ്ധതിയാണ് വിജ്ഞാന ദീപ്തി.

**<u>20. ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ</u>**

2015 ജെ ജെ ആക്ട് പ്രകാരം സ്ഥാപന സംരക്ഷണം അവസാനത്തെ അത്താണിയാണ്. സംസ്ഥാനത്ത് ജെ ജെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 817 ചൈൽഡ് കെയർ സ്ഥാപനങ്ങളിലായി ശ്രദ്ധയും സംരക്ഷണവും 20000 ത്തോളം കുട്ടികൾ താമസിച്ചിരുന്നു.

സ്ഥാപനത്തിലുള്ള താമസം കുട്ടികളുടെ ആത്മാഭിമാനവും ആത്മ വിശ്വാസവും കുറക്കുന്നതായി പല പഠനങ്ങളും സൂചിപ്പിക്കുന്നു. ആയതിനാൽ ഇത്തരം കുട്ടികൾക്ക് സ്ഥാപനേതര സംരക്ഷണം

ഉറപ്പു വരുത്തി അവർക്ക് കുടുംബ മൂല്യത്തിന്റെ പ്രാധാന്യം ലഭ്യമാക്കേണ്ടതും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ലോക്ക് ഡൗൺ കാലയളവിൽ ജെ ജെ സ്ഥാപനങ്ങളിൽ നിന്ന് 16980 കുട്ടികൾ അവരുടെ വീടുകളിലേക്ക് പോയിരുന്നു. ജെ ജെ സ്ഥാപനങ്ങളിൽ നിന്ന് സ്വന്തം കുടുംബങ്ങളിലേക്ക് പോയ കുട്ടികളെ ഹോം സ്റ്റഡി നടത്തി ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 23/5/2020 ലെ GO (Rt.) No.207/2020/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനേതര സംരക്ഷണം ഉറപ്പുവരുത്തിനായി പ്രസ്തുത കുട്ടികളുടെ ഹോം സ്റ്റഡി വിവരശേഖരണത്തിനായി ഒരു ഓൺലൈൻ വിവരശേഖരണ ഫോർമാറ്റ് സി-ഡിറ്റിന്റെ സഹായത്തോടുകൂടി തയ്യാറാക്കുകയും ഇത് സംബന്ധിച്ച വിശദമായ ഗൈഡ് ലൈൻ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും നൽകുകയും ചെയ്തു. സംസ്ഥാനത്ത് നാളിതുവരെ 2114 ഹോം സ്റ്റഡി നടത്തിയിട്ടുണ്ട്. ഹോം സ്റ്റഡി പൂർത്തിയാക്കുന്ന മുറക്ക് സാധ്യമാകുന്ന മുറക്ക് സാധ്യമാകുന്ന മുഴുവൻ കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 21. ആഫ്റ്റർ കെയർ

സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾ 18 വയസ്സ് പൂർത്തിയാക്കുന്ന മുറക്ക് അവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ളവരാക്കി മാറ്റുക എന്നതാണ് ആഫ്റ്റർകെയർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി 16 വയസ്സ് മുതൽ തന്നെ അവർക്ക് വ്യക്തി കേന്ദ്രീകൃത പരിശീനവും മാനസികമായി തയ്യാറാക്കുന്നതിനുള്ള ഇടപെടലുകളും നടത്തേണ്ടതുണ്ട്. വളരെ തീവ്രമായ ഇടപെടൽ വേണ്ട പദ്ധതിക്ക് പ്രൊഫഷണൽ സമീപനവും സഹായവും ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് വനിതാ ശിശുവികസന വകുപ്പ് HLFPPT യുടെ സഹായത്തോടെ നാല് ഹോമുകളെ കേന്ദ്രീകരിച്ച് ആഫ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. 21/8/2020 ൽ കൂടിയ ഐ സി പി എസ് എക്സിക്യൂട്ടീവ് കമ്മിറ്റി 32 ലക്ഷം രൂപ ഇതിനായി അനുവദിക്കുകയും ചെയ്തു.

22. കാവൽ പ്ലസ് – ശരണ ബാല്യം

ബാലവേല–ബാലഭിക്ഷാടനം –തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം . 2017–18 ൽ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ നടപ്പിലാക്കി. 2020–21 സാമ്പത്തിക വർഷത്തിൽ ശരണബാല്യം പദ്ധതി കാവൽ പ്ലസ് പദ്ധതിയുമായി ചേർന്ന് ഒരു പുതിയ പദ്ധതിക്ക് തുടക്കം കുറിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാകുകയുണ്ടായി. (Community based rehabilitation and re-integration for CNCP children approach (കാവൽ പ്ലസ്). ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സാമൂഹ്യ–മാനസിക പരിരക്ഷയും പിന്തുണയും നൽകി അവരെ ശരിയായ സാമൂഹ്യജീവിതം നയിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ സാമൂഹ്യ ഇടപെടൽ പദ്ധതിയാണ് കാവൽ പ്ലസ്. ശരണബാല്യം പദ്ധതിയുടെ പ്രവർത്തനങ്ങളോടൊപ്പം തന്നെ കാവൽ പ്ലസ് പദ്ധതിയുടെ ചുമതലയും നിർവഹിക്കുന്നത് ശരണബാല്യം റെസ്ക്യൂ ഓഫീസർമാരാണ്.

**അനുബന്ധം 2**

സംയോജിത ശിശു വികസന പദ്ധതിയുടെ മേൽ നോട്ടത്തിൽ അങ്കണവാടി പ്രവർത്തകർ മുഖേന കേരളമൊട്ടാകെ കുഞ്ഞുജനിച്ച് ആദ്യ ഒരു മണിക്കൂറിനുള്ളിൽ മുലപ്പാൽ നൽകുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും 6 മാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിനെപ്പറ്റിയും തുടർന്ന് മറ്റ പോഷകാഹാരത്തോടൊപ്പം മുലപ്പാൽ നൽകുന്നതിന്റെ ആവശ്യകതയെപ്പറ്റിയും ബോധവൽകരണപരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

1. ആകാശവാണിയിലൂടെയും FM Radio ലൂടെയും മുലയൂട്ടലിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിച്ചു വരുന്നു.
2. സോഷ്യൽ മീഡിയ വഴി സന്ദേശങ്ങൾ ദിവസവും പ്രചരണം നടത്തുകയും ഇതിനുവേണ്ടി ഒരു അനിമേഷൻ വിഡിയോ തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്തു.
3. പൊതുയിടങ്ങളിൽ മാതൃശിശു സൗഹാർദ്ദമാക്കുവാൻ Breast Feeding pod-കൾ സ്ഥപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. മുലയൂട്ടലിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും K.S.R.T.C ബസുകളിൽ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനം ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു.
5. ജില്ലാ അടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസർമാർ , സി ഡി പി ഓ എന്നിവരുടെ ആഭിമുഖ്യത്തിൽ വെബ്ബിനാർ സംഘടിപ്പിച്ച് വരുന്നു.
6. ഓൺലൈൻ സാമൂഹികാധിഷ്ഠിത പരിപാടി (Online community outreach for NHED
7. ഓൺലൈൻ ക്വിസ്
8. മുലയൂട്ടലിന്റെ പ്രാധാന്യത്തെ കുറിച്ച് സമൂഹത്തിൽ പ്രശസ്തരായ പുരുഷൻമാർ സംസാരിക്കുകയും പ്രചാരണം നടത്തുകയും ചെയ്യുന്ന പരിപാടികൾ സംഘടിപ്പിച്ചു.